ഡയാലിസിസ് യൂണിറ്റുകൾ

70 (735) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) 5-12-2014-ലെ സ.ഉ.(ആർ.ടി.) നമ്പർ 114/13 പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം, ആരോഗ്യവകുപ്പിനുകീഴിലെ 27 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി കെ.എം.എസ്.സി.എൽ. മുഖേന ആരംഭിച്ചിട്ടുണ്ട്. 2015-16-ൽ ബഡ്ജറ്റിൽ (പ്ലാൻ) പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 710 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) പുതിയതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ഒഴികെ എല്ലാ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ശരാശരി പ്രതിമാസം 1800 രോഗികൾക്ക് ഡയാലിസിസ് നടത്തിവരുന്നു.

808/17

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിലുള്ള 23 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു. ശരാശരി ഒരുമാസം ചെയ്യുന്ന ഡയാലിസിസ് സംബന്ധിച്ച വിവരം താഴെക്കൊടുക്കുന്നു :

ജില്ല	ആശുപത്രികളുടെ എണ്ണം	ശരാശരി രോഗികളുടെ എണ്ണം (പ്രതിമാസം)
തിരുവനന്തപുരം	2	780
കൊല്ലം	2	717
പത്തനംതിട്ട	2	900
കോട്ടയം	1	210
ആലപ്പുഴ	1	90
ഇടുക്കി	1	810
എറണാകുളം	2	227
തൃശ്ശൂർ	1	480
പാലക്കാട്	3	462
മലപ്പുറം	ഇല്ല	...
കോഴിക്കോട്	5	3420
വയനാട്	2	1410
കണ്ണൂർ	1	660
കാസർഗോഡ്	1	900

(സി) തിരുവനന്തപുരം ജില്ലയിൽ ആശുപത്രിയിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ മൊബൈൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly